# ജോർജ്ജിയൻ വോയ്സ്

## GEORGIAN VOICE

ലക്കം 11 | ഡിസംബർ | പുസ്തകം 10








യൂത്ത് അസോസിയേഷൻ പ്രസിദ്ധീകരണം

സെന്റ് ജോർജ്ജ് യാക്കോബായ സിറിയൻ കത്തീഡ്രൽ

കരിങ്ങാച്ചിറ



ഹോട്ടൽ
നാടൻ ഫാസ്റ്റ് ഫുഡ്
ചായ
പുട്ട്
അപ്പം
ഇടിയപ്പം
പോറോട്ട
ചപ്പാത്തി
ഊണ്
ബിരിയാണി
കടല കറി
വെജിറ്റബിൾ കറി
മുട്ട റോസ്റ്റ്
മീൻ കറി
ബീഫ് ഫ്രൈ
ബീഫ് റോസ്റ്റ്
ചിക്കൻ ഫ്രൈ
ചിക്കൻ റോസ്റ്റ്
ചൈനീസ്
എഗ്ഗ് മസാല
ചില്ലിഗോപി
ഗോപിമഞ്ചൂരിയൻ
കപ്പ ബിരിയാണി
ഫ്രൈഡ്റൈസ്
ചില്ലിചിക്കൻ
ചില്ലിബീഫ്
പീസ് മസാല
Opp. Tripunithura Busstand



# ജോർജ്ജിയൻ വോയ്സ്




## ഉള്ളടക്കം

**ഇതളുകൾ വിരിയുമ്പോൾ**


- ആത്മീയത എന്നാൽ...
- ത്രീയേക ദൈവത്തിന് സ്തുതി.
- പരിശുദ്ധ യൽദൊമോർ ബസ്സേലി യോസ് ബാവായുടെ ഹൃസ്വചരിത്രം
- തമുക്ക് പെരുന്നാൾ
- ക്രിസ്തുമസ്ട്രീയും ചിലന്തികളും
- **സ്നേഹപൂർവ്വം സാന്റാക്ലോസ്**
- വിശുദ്ധന്മാരും അവരുടെ തിരുശേഷിപ്പുകളും
- **കിഡ്സ് കോർണർ**



**എഡിറ്റോറിയൽ ബോർഡ് അംഗങ്ങൾ**

**ചെയർമാൻ**
റവ. ഫാ. റോയ്പോൾ വെട്ടിക്കാട്ടിൽ
**വൈസ് ചെയർമാൻ**
റവ. ഫാ. വർഗീസ് പുലയത്ത്
റവ. ഫാ. ഷമ്മി ജോൺ എരമംഗലം

**ഉപദേശ സമിതി**
റവ. ഫാ. സഖറിയ ഓണേരിൽ

**മാനേജിംഗ് എഡിറ്റർ**
റവ. ഫാ. സെബുപോൾ

**ചീഫ് എഡിറ്റർ**
എൽദോ ജോർജ്ജ് ഐക്യനാട്ട്

**പ്രിന്റർ & പബ്ലിക്കേഷൻ**
ആശിഷ് സി. എബി
**സബ് എഡിറ്റേഴ്സ്**
രൻജി പോൾ
അരുൺ സണ്ണി
അഖിൽ കൂറുള്ളിൽ



ചീഫ് എഡിറ്റർ
ജോർജ്ജിയൻ വോയ്സ്
സെന്റ് ജോർജ്ജ് കത്തീഡ്രൽ
കരിങ്ങാച്ചിറ – 682 309
E-mail:-georgianvoice@stgeorgecathedral.in
www.stgeorgecathedral.in



## എഡിറ്റോറിയൽ.....

# സ്വന്തം പാതയിലൂടെ മുന്നേറാം ...

'സ്വന്തം പാത ഓരോരുത്തരും സ്വയം കണ്ടു പിടിക്കണം. അവനവന്റെ പാതയിലൂടെയേ ഒരുവൻ സഞ്ചരിക്കാവൂ, സ്വന്തം താലന്തുകളെ വളർത്തിയെ കർമ്മങ്ങളിലേർപ്പെടാവൂ.' സ്വന്തമായ ഒരു പാത അനായാസമായി കണ്ടെത്തുവാൻ കഴിയുന്നില്ലെങ്കിൽ നമ്മുടെ കഴിവുകൾക്കും അഭിരുചികൾക്കും ഇണങ്ങിയ മട്ടിൽ ഒരെണ്ണം നിർമ്മിക്കണം. എന്നിട്ട് അതിലൂടെ രാജാവിനെപ്പോലെ സഞ്ചരിക്കണം. പ്രവാചകനെപ്പോലെ സംസാരിക്കണം.

സ്വന്തമായി ഒരു പാത വെട്ടിത്തുറന്ന് അവിടെ കൊച്ചു നക്ഷത്രമായി തീരുന്നതോടെ വിജയം നമ്മുടെ പിന്നാലെ വാലാട്ടി വരും. തൻമൂലം എതിർപ്പുകളെ സുധീരം നേരിടുക. കുതിച്ചു ചാടുക, കർമ്മം വഴി കാര്യശേഷി തെളിയിക്കുക. തെളിയിക്കപ്പെട്ട കാര്യശേഷിയാണ് വിജയത്തിന് അച്ചാരമായി തീരുന്നത്. ലക്ഷ്യബോധവും വാക്കുകളെ കർമ്മങ്ങളാക്കുവാനുള്ള കർമ്മകൗശലവും ഉണ്ടെങ്കിൽ ജയം തീർച്ചയാണ്.

അത്യുത്സാഹത്തോടെ ആസൂത്രിതമായി അത്യദ്ധ്വാനം ചെയ്യുവാൻ നീ തയ്യാറാണെങ്കിൽ നിനക്ക് വിജയകിരീടം ചൂടുവാൻ കഴിയും. ഹെന്റി ജയിംസിന്റെ വാക്കുകൾ ശ്രദ്ധിക്കുക .. 'ആശയങ്ങൾ യഥാർത്ഥത്തിൽ ശക്തി കേന്ദ്രങ്ങളാണ് . വ്യക്തിത്വത്തിന്റെ ശക്തിയും അളവറ്റതത്രേ. ഇവയുടെ സംയോജനം സഭാ ചരിത്രം സൃഷ്ടിക്കുകയും ചെയ്യുന്നു. '

കഴിഞ്ഞ വർഷത്തിൽ നടന്ന തിൻമകളെ മറന്ന്, വരും വർഷത്തിൽ ഉറച്ച കാഴ്ചപ്പാടോടെ സ്വന്തം പാത വെട്ടിത്തെളിച്ച് മുന്നേറാൻ ദൈവം ഇടയാക്കട്ടെ . എല്ലാ വായനക്കാർക്കും ജോർജിയൻ വോയ്സ് മാസികയുടെ ക്രിസ്തുമസ്, പുതുവത്സര ആശംസകൾ

ചീഫ് എഡിറ്റർ



# ആത്മീയത എന്നാൽ...?

ഡോ. ഗീവർഗീസ് മോർ കൂറിലോസ് മെത്രാപ്പോലീത്ത



### ഉപവാസം

ഏഴാം മാസം പത്താം തീയതി ആത്മതപനം ചെയ്യണം എന്നത് യഹൂദനിയമമായിരുന്നു. (ലേവ്യ 16:31). സ്വന്തം ഇഷ്ടപ്രകാരവും ഉപവാസം അനുഷ്ഠിക്കുന്ന പതിവ് യഹൂദർക്കിടയിൽ ഉണ്ടായിരുന്നു. എസ്ഥേർ മൂന്ന് ദിവസം ഉപവസിച്ചത് ഓർക്കുമല്ലോ. എന്നാൽ ഉപവാസം ഇന്ന് പലപ്പോഴും വെറും യാന്ത്രികമായ ഒരു ചടങ്ങായിട്ടുണ്ട്. ഒരു ആത്മീയപരിവേഷം ലഭിക്കുവാൻ ഉപവസിക്കുന്നവർ ധാരാളമുണ്ട്. 'ഉപവസിക്കുമ്പോൾ നിങ്ങൾ കപടഭക്തിക്കാരെപ്പോലെ വാടിയ മുഖം കാണിക്കരുത്. അവർ ഉപവസിക്കുന്നത് മനുഷ്യർക്ക് വിളങ്ങേണ്ടതിന് മുഖം വിരൂപമാക്കുന്നു. അവർക്ക് പ്രതിഫലം കിട്ടിപ്പോയി എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു' (മത്താ. 6:16).

ഉപവാസത്തിന് വലിയ മാനങ്ങളുണ്ട്. വിശക്കുന്നവരുടെ വിശപ്പിന്റെ ആധിക്യം മനസ്സിലാക്കുവാൻ ഉപവാസത്തിൽ കൂടി നമുക്ക് കഴിയണം. പട്ടിണി കിടക്കുന്നവർക്കുവേണ്ടി ക്രിസ്തീയ കരുതൽ ഉണ്ടാകുവാനും അവരുടെ ദാരിദ്ര്യം നീക്കം ചെയ്യുവാനുമുള്ള പ്രവർത്തനങ്ങളിൽ പങ്കാളികളാകുവാനും ഉപവാസം നമുക്ക് അനുഭവമാകണം. ദരിദ്രരോടുള്ള ഈ കരുതൽ ഇല്ലാത്ത ഉപവാസം വെറും ചടങ്ങാണ്. ഉപവാസം ഇപ്രകാരം ചടങ്ങായി മാറിയപ്പോഴാണ് യെശയ്യാപ്രവാചകൻ പറഞ്ഞത്, "നിങ്ങളുടെ പ്രാർത്ഥന ഉയരത്തിൽ കേൾപ്പാൻ തക്കവണ്ണമല്ല നിങ്ങൾ ഇന്ന് നോമ്പ് നോൽക്കുന്നത് എനിക്കിഷ്ടമുള്ള നോമ്പും മനുഷ്യൻ ആത്മതപനം ചെയ്യുന്ന ദിവസവും ഇങ്ങനെയുള്ളതോ? തലയെ കുനിക്കുക, രട്ടും വെണ്ണീറും വിരിച്ച് കിടക്കുക, ഇതാകുന്നുവോ ഉപവാസം? അന്യായബന്ധനങ്ങളെ അഴിക്കുക, വിശക്കുന്നവന് നിന്റെ അപ്പം നുറുക്കി കൊടുക്കുന്നതും അലഞ്ഞു നടക്കുന്ന സാധുക്കളെ നിന്റെ വീട്ടിൽ ചേർത്തുകൊള്ളുന്നതും നഗ്നനെ ഉടുപ്പിക്കുന്നതും നിന്റെ മാംസരക്തങ്ങളായിരിക്കുന്നവർക്ക് നിന്നെത്തന്നെ മറയ്ക്കാതിരിക്കുന്നതും അല്ലയോ?" (യെശ. 58:4–7).

ദൈവത്തിന് പ്രീതികരമായ ഉപവാസം, ദരിദ്രർക്കുവേണ്ടിയും അധഃസ്ഥിതർക്കുവേണ്ടിയും പ്രവർത്തിക്കുക, എന്നതാണ്, ഭക്ഷണം വെടിയുന്നതിൽക്കൂടി (ഉപവാസം) ദരിദ്രന്റെ വിശപ്പിന്റെ തീക്ഷ്ണത മനസ്സിലാക്കുവാനും പാവപ്പെട്ടവർക്കുവേണ്ടി നമ്മെതന്നെ പ്രവർത്തന സജ്ജരാക്കുവാനും ഉപവാസം നമ്മെ പ്രാപ്തരാക്കണം. അങ്ങനെയെങ്കിൽ ഉപവാസവും നോമ്പും യഥാർത്ഥ ആത്മീയതയുടെ ഭാഗമാകും. മറിച്ചാണെങ്കിൽ അത് വെറും ചടങ്ങായി അധഃപതിക്കും.

### പ്രാർത്ഥന

ആത്മീയതയുടെ അവിഭാജ്യഘടകമാണ് പ്രാർത്ഥന എന്നത്. സ്രഷ്ടാവും സൃഷ്ടിയും തമ്മിൽ ബന്ധിപ്പിക്കുന്ന കണ്ണിയാണ് പ്രാർത്ഥന. അർത്ഥവത്തായ പ്രാർത്ഥന നമുക്കു ചുറ്റുമുള്ള കാര്യങ്ങൾ ഉൾക്കൊള്ളുന്നതായിരിക്കണം. എന്നാൽ ഈ ഒരു മാനം "ഇവാഞ്ചലിക്കൽ' എന്നറിയപ്പെടുന്ന പ്രാർത്ഥനാക്കൂട്ടങ്ങളിലോ യോഗങ്ങളിലോ സാധാരണ കാണുന്നില്ല. പ്രാർത്ഥന അവിടെ വ്യക്തികേന്ദ്രീകൃതം മാത്രമാണ്.പ്രാർത്ഥന യാന്ത്രികമാകുന്നു. പലപ്പോഴും വ്യക്തമായ ചില ഉദ്ദേശ്യലക്ഷ്യങ്ങൾ (കാര്യസാദ്ധ്യലക്ഷ്യം മുൻനിർത്തി) മാത്രം പ്രാർത്ഥന നടത്തുന്നു. അതും വികാരത്തള്ളലിന്റെ അതിപ്രസരത്തോടെയും അങ്ങ

നെയുള്ളവരോട് യേശു പറയുന്നു. "നിങ്ങൾ പ്രാർത്ഥിക്കുമ്പോൾ കപടഭക്തിക്കാരെപ്പോലെ ആകരുത്. അവർ മനുഷ്യർക്ക് വിളങ്ങേണ്ടതിന് പള്ളികളിലും തെരുക്കോണുകളിലും നി ന്നുകൊണ്ട് പ്രാർത്ഥിപ്പാൻ ഇഷ്ടപ്പെടുന്നു. അവർക്ക് പ്രതിഫലം കിട്ടിപ്പോയി എന്ന് ഞാൻ സത്യമായിട്ട് നിങ്ങളോട് പറയുന്നു..... പ്രാർത്ഥിക്കയിൽ നിങ്ങൾ ജാതികളെപ്പോലെ ജല്പനം ചെയ്യരുത്. അതിഭാഷണത്താൽ ഉത്തരം കിട്ടും എന്നല്ലോ അവർക്കു തോന്നുന്നത്" (മത്താ. 6:5-7).

പ്രാർത്ഥന, ദൈവവുമായുള്ള ഒരു സംസർഗ്ഗമാണ്. അനുഭവമാണ്. അത് യാന്ത്രികമാകരുത്. സങ്കീർത്തനക്കാരൻ പറയുന്നതുപോലെ "മൗനമായിരുന്ന് ഞാൻ യഹോവ എന്ന് അറിയുവിൻ."

---

**പെരുന്നാൾ ആശംസകളോടെ**
**(Late) റവ. ഫാ. ഗീവർഗീസ്**
കുറ്റിക്കാട്ടിൽ, പാലക്കാട്ടിൽ

**പെരുന്നാൾ ആശംസകളോടെ**
**ജിമ്മി കാവര,** തിരുവനന്തപുരം

**പെരുന്നാൾ ആശംസകളോടെ**
**Abel & Angel വെണ്ണേപ്പിള്ളിൽ,**
ചിത്രപ്പുഴ

**പെരുന്നാൾ ആശംസകളോടെ**
**ബിജു, പട്ടശ്ശേരിൽ,** കൈപ്പഞ്ചേരി

**പെരുന്നാൾ ആശംസകളോടെ**
**ലിജേഷ്** അപ്പാട്ട്, പെരുമ്പിള്ളി

**പെരുന്നാൾ ആശംസകളോടെ**
**ജോയൽ & ജൊഹാൻ**
കോച്ചേരിൽ, ചങ്ങംപുത

**പെരുന്നാൾ ആശംസകളോടെ**
**ജോബ്** തണ്ണിക്കോട്ട്, ഇരുമ്പനം

**പെരുന്നാൾ ആശംസകളോടെ**
**എൽദോസ് കപ്യാർ,** കോതമംഗലം

**പെരുന്നാൾ ആശംസകളോടെ**
**റിയ കമ്യൂണിക്കേഷൻ,** തൃപ്പൂണിത്തുറ

**പെരുന്നാൾ ആശംസകളോടെ**
ഒരു വിശ്വാസി

**പെരുന്നാൾ ആശംസകളോടെ**
**ജോൺ & കുര്യൻ,** കുറ്റിപ്പുഴ, മാറാടി

**പെരുന്നാൾ ആശംസകളോടെ**
**ഏലിയാമ്മ സിറിയക്ക്,** പറപ്പള്ളിൽ

**പെരുന്നാൾ ആശംസകളോടെ**
ഒരു വിശ്വാസി

**പെരുന്നാൾ ആശംസകളോടെ**
റൂബിൾ തണ്ണിക്കോട്ട്, ഇരുമ്പനം

**പെരുന്നാൾ ആശംസകളോടെ**
**അരുൺ സണ്ണി**
കാരപറമ്പിൽ, കരിങ്ങാച്ചിറ

**പെരുന്നാൾ ആശംസകളോടെ**
**ആശിഷ് സി. അബി ചന്ദനത്തിൽ**

**പെരുന്നാൾ ആശംസകളോടെ**
**രാജു മത്തായി, പാലത്തിങ്കൽ**

**പെരുന്നാൾ ആശംസകളോടെ**
**അമ്മിണി ട്രേഡേഴ്സ്, തൃപ്പൂണിത്തുറ**

**പെരുന്നാൾ ആശംസകളോടെ**
**സാബു വി.ടി., വടക്കേകുന്നേൽ**
**തലക്കോട്, കോതമംഗലം**


**പെരുന്നാൾ ആശംസകളോടെ**
**നേഹ പി. നിനു**
പടുതോട്ടത്തിൽ, ചോറ്റാനിക്കര

**പെരുന്നാൾ ആശംസകളോടെ**
**ജെനിസ് സൂസൻ രൻജി**
വീപ്പനാത്ത്, ചിത്രപ്പുഴ

**പെരുന്നാൾ ആശംസകളോടെ**
**വി.എം. ജോണി,** മലമ്പുറത്ത്

# തിരുശേഷിപ്പ് സ്ഥാപനം (01.12.2013)

ജോർജീയൻ തീർത്ഥാടനകേന്ദ്രമായ
കരിങ്ങാച്ചിറ സെന്റ് ജോർജ്ജ് യാക്കോബായ സുറിയാനി കത്തീഡ്രലിൽ





2013 ഡിസംബർ 1-ാം തീയതി ഞായറാഴ്ച വൈകീട്ട് 5.30ന് വിശുദ്ധ പിതാക്കന്മാരായ അബ്ദുൽ ജലീൽ ഗ്രീഗോറിയോസ് ബാവായുടേയും, പൗലോസ് മോർ അത്താനസ്യോസ് വലിയ തിരുമേനിയുടേയും തിരുശേഷിപ്പുകൾ സ്ഥാപിക്കുന്നു.

**പെരുന്നാൾ ആശംസകളോടെ**
**ക്രിസ് ബൈജു മാത്യു**
മാത്താറയിൽ,ഇരുമ്പനം

**പെരുന്നാൾ ആശംസകളോടെ**
**ബിജു മാലായിൽ & ഫാമിലി**
ഇരുമ്പനം

**പെരുന്നാൾ ആശംസകളോടെ**
**ജോയൽ ജിസ്**
ചന്ദനത്തിൽ, തിരുവാങ്കുളം

**പെരുന്നാൾ ആശംസകളോടെ**
**ഡാർവിൻ ധനുഷ്**
പുളിമൂട്ടിൽ, തിരുവാങ്കുളം

**SUDHEER NAVODHAYA**
MOB : 9847575209, 9496217201




Creative Head
MANOJ GUINNESS


Director
SUDHEER NAVODHAYA

**CHOCOLATES**
**ഗാനമേള**

COCHIN SWARASREE
Nadakkavu P.O., Udayamperoor
Ernakulam (Dist.), Kerala.
Email : sudheernavodhaya@gmail.com

GANAMELA | MEGA SHOW | MIMICS| DANCE | FUSION

# പരിശുദ്ധ യൽദൊ മോർ ബസ്സേലിയോസ് ബാവായുടെ ഹ്യസ്വചരിത്രം



റവ. ഫിനഹാസ് റമ്പാൻ, മലേക്കുരിശ് ദയറ

92 -ാം വയസ്സിൽപരം പ്രായമായതിനു ശേഷം, തലശ്ശേരിയിൽ കപ്പലിറങ്ങി, വനാന്തരങ്ങളിൽകൂടി നടന്ന് കോതമംഗലം മോർ തോമ്മാശ്ലീഹായുടെ പള്ളിയിൽ 1685 ഈലൂൽ മാസം (കന്നി) എത്തിച്ചേരുകയും, കഷ്ടി രണ്ടാഴ്ചക്കാലം മാത്രം ഈ പള്ളിയിൽ താമസിക്കുകയും, 19 ന് സൂര്യാസ്തമന സമയത്ത് കാലം ചെയ്യുകയും 20ന് ആ ദേവാലയത്തിൽതന്നെ വി. മദ്ബഹായുടെ തെക്ക് ഭാഗത്ത് കബറടക്കപ്പെടുകയും ചെയ്ത യൽദോമോർബസ്സേലിയോസ് ബാവ അത്ഭുത പ്രവർത്തകനായി. നമ്മുടെ സഭമാത്രമല്ല, ഇതര ക്രൈസ്തവരും, അക്രൈസ്തവരും നിരവധി അനുഭവസാക്ഷ്യങ്ങളാൽ, ആദരിക്കുന്ന ഒരു പരിശുദ്ധനാകുന്നു. എങ്കിലും സമഗ്രമായി ചിന്തിച്ചും പരിശോധിച്ചും ഈ പരിശുദ്ധപിതാവിന്റെ ഒരു ഹ്രസ്വ ചരിതം പ്രസിദ്ധീകരിക്കുവാൻ കരിങ്ങാച്ചിറ വി. ഗീവർഗീസ് സഹദായുടെ പള്ളിയിൽ നിന്നും പ്രസിദ്ധീകരിക്കുന്ന ജോർജിയൻ വോയ്സ് മാസികയുടെ ഭാരവാഹികളുടെ ആവശ്യം അനുസരിച്ച് ഈ ലേഖനം എഴുതുന്നത്.

പരിശുദ്ധ ബാവായുടെ മാമോദീസ പേർ യൽദൊ എന്നായിരുന്നു. യൽദൊ എന്ന സുറിയാനി പദത്തിന് പ്രധാനമായും രണ്ടു അർത്ഥങ്ങൾ ഉണ്ട്. ഒന്ന് പൈതൽ, രണ്ട്- നമ്മുടെ കർത്താവിന്റെ ജനന പെരുന്നാൾ (ക്രിസ്മസ്) ബേസ്നഹറീൻ അല്ലെങ്കിൽ മെസപ്പൊത്തോമിയ എന്നറിയപ്പെടുന്ന ഫലഭൂയിഷ്ടമായ ദേശത്ത് ഇന്ന് കർക്കോശ് എന്നറിയപ്പെടുന്ന ഗ്രാമത്തിൽ ഈ പരിശുദ്ധപിതാവ്, ഹ്ദായി എന്ന പ്രസിദ്ധ കുടുംബത്തിൽ ഭൂജാതനായി. കർക്കോശ് എന്ന സുറിയാനി പദത്തിന് മത്സരം എന്നർത്ഥമുണ്ട്. ഇന്ന് ആ ഗ്രാമത്തിന്റെ സ്ഥിതിവിവരങ്ങൾ ബലഹീനനായ എനിക്ക് അറിവില്ല. ബേസ്നഹറീൻ, മെസൊഹോത്തിയോ എന്ന രണ്ടുപദങ്ങളും സുറിയാനി തന്നെ-യൂഫ്രട്ടീസ് ടൈഗ്രീസ് നദികളുടെ ഇടയിലുള്ള ഫലഭൂയിഷ്ഠമായ ദേശം എന്നർത്ഥം. ഈ ഗ്രാമത്തിനു സമീപമാണ് മോർമത്തായിയുടെ ദയറ എന്ന പ്രസിദ്ധ വിശുദ്ധസ്ഥാപനവും സ്ഥിതി ചെയ്യുന്നത്. നിരന്തരമായി തുർക്കിയിലെ അവിശ്വാസികൾ ക്രിസ്തീയ സ്ഥാപനങ്ങളോട് ചെയ്യുന്ന അതിക്രമങ്ങൾമൂലം അനേകം ദയറാകളും പള്ളികളും വിജനമായികിടക്കുകയും അക്രമികൾ ഓരോരൊ ലൗകീക ആവശ്യങ്ങൾക്കായി ദുർവിനിയോഗം ചെയ്യുകയും സാധാരണമാണ്. ഒരിക്കൽ ഒരു പള്ളി അവർ അതിക്രമിച്ചു കയറി കന്നുകാലികളുടെ തൊഴുത്തായി മാറ്റി. ആ രാത്രിതന്നെ ഭയങ്കര ഇടിവെട്ടുണ്ടായി അതിൽ കിടന്നിരുന്ന സർവ്വമൃഗങ്ങളും മറ്റും ചത്തുപോയി. എങ്കിലും തുർക്കികൾക്ക് കൂസലൊന്നുമില്ല. തുർക്കി അവിശ്വാസികൾ ക്രിസ്ത്യാനികളെ പിടിച്ചുകൊണ്ടുപോയി.

മണർക്കാട്ട്, പുതുപ്പള്ളി എന്നീപള്ളികളിൽ നേർച്ചക്ക് മോർഗിവർഗീസ് സഹദായുടെ പെരുന്നാളിൽ കോഴി വെട്ടുനടത്തുന്നതുപോലെ കഴുത്തുവെട്ടാൻ തുർക്കിക്ക് ഒരു മടിയുമില്ല. ഇതൊന്നും ചോദിക്കുവാൻ അവിടെയെങ്ങും ആരുമില്ല. ഒരുകിരാത വർഗത്തിന്റെ തേർവാഴ്ചയാണ്. ക്രൈസ്തവും വിശ്വാസ ജീവിതത്തിൽ ഏറ്റവും തണുത്തുപോയിരുന്നു എന്നതിന്റെ ഒരു പ്രത്യാഘാതമായിട്ടും നാം ഈ നിർഭാഗ്യസ്ഥിതിഗതികളെ വിലയിരുത്തേണ്ടുണ്ട്. (സുറിയാനി-കോലോ സുറിയോയൊ എന്ന പ്രസിദ്ധീകരണത്തിൽ

നിന്നും തർജ്ജമചെയ്ത് "ക്രിസ്ത്യാനികൾ സഹിച്ച പീഢകൾ എന്ന ശീർഷകത്തിൽ കുറേവർഷങ്ങൾക്ക് മുമ്പ് ഈ നിർഭാഗ്യസംഭവങ്ങളെ ഞാൻ പ്രസിദ്ധീകരിച്ചിരുന്നു. കൂടുതൽ ഇവിടെ വിവരിക്കുന്നില്ല. മോർമത്തായിയുടെ ദയറായിക്ക് മോർബഹനാമിന്റെ ദയറായെന്നും പേർ ഉണ്ട്. അതിന്റെ പശ്ചാത്തലം കൂടെ പറയാം. ബെൻഹറീബ് എന്ന വിഗ്രഹാരാധകനായ രാജാവിന്റെ മകനായിരുന്നു ബഹനാം. രാജകുമാരൻ വനത്തിൽ നായാട്ടിനുപോയി, വഴിതെറ്റി ഒരു രാത്രി വനത്തിൽ കിടന്നുറങ്ങി. അന്ന് രാജകുമാരന് ഒരു ദർശനം ലഭിച്ചു. ഇതിനടുത്ത് ഒരു ദയറായുണ്ട് നീ അവിടെ പോകണം. നേരം വെളുത്തപ്പോൾ, രാജകുമാരൻ ദയറായിൽചെന്നു. ദയറായിലെ പിതാവ് രാജകുമാരനോട് കർത്താവ് മുഖാന്തിരമുള്ള നിത്യരക്ഷയെക്കുറിച്ച് അറിയിക്കുകയും, രാജകുമാരൻ ദയറാധിപനോട്, തനിക്ക് മാറാരോഗിയായ ഒരു സഹോദരിയുണ്ടെന്നും അവളെ സൗഖ്യപ്പെടുത്തകയാണെങ്കിൽ താനും സ്നാനപ്പെടാമെന്നും മറുപടി പറഞ്ഞു. ദയറ പിതാവ് പറഞ്ഞതനുസരിച്ച് രാജകുമാരൻ രോഗിണിയായ തന്റെ സഹോദരിയേയും കൂട്ടികൊണ്ടുവരികയും, ദയറായിലെ പിതാവിന്റെ പ്രാർത്ഥ മൂലം അവൾ സ്നാനപ്പെട്ട ഉടൻതന്നെ സമ്പൂർണ്ണ ആരോഗ്യവതിയായി മാറുകയും, ബഹനാം സഹോദരിയുടെ കൂടെ സ്നാനമേൽക്കുകയും ചെയ്തു. കടുത്ത വിഗ്രഹാരാധിയായ സെൻഹെറിബ് രാജാവ് തന്റെ രണ്ടുമക്കളേയും പീഢിപ്പിക്കുകയും അവസാനം നിർദ്ദയം വധിക്കുകയും ചെയ്തു. പിശാചുക്കളെ ഓടിക്കുന്ന ബഹനാം സഹദാഎന്ന് അഭിധാനമുള്ള ഈ പിതാവ് പരിശുദ്ധന്റെ പെരുന്നാൾ ഡിസംബർ 10ന് പരിശുദ്ധസഭ ആഘോഷിക്കുന്നു. ക്രിസ്താബ്ദം അഞ്ചോ ആറോ നൂ റ്റാണ്ടിൽ ഈ സഹദാജീവിച്ചിരുന്നു. പുത്രന്റെ രക്തസാക്ഷിത്വത്തിനുശേഷം സെൻഹെറിബ് രാജാവിന് ബഹനാമിന്റെ ദർശനമുാകുകയും, സെൻഹറിബ് സ്നാനപ്പെട്ട് രാജ്യത്തിൽ സുവിശേഷഘോഷത്തിന് ഒത്താശകൾ നിവൃത്തിക്കുകയും ചെയ്തു.

നമ്മുടെ കഥാ പാത്രമായ യൽദൊബാവ ഒരു ദയറാക്കാരനായി (റമ്പാൻ) ആദിചെറുപ്പംമുതൽ മോർമത്തായിയുടെ ദയറായിൽ സുദീർഘകാലം ദീർഘശുശ്രൂഷകൾ നിർവ്വഹിച്ചിരുന്നു. അങ്ങിനെയിരിക്കെ, മലങ്കരയിലെ സഭാമക്കൾ, ആത്മിക നേതൃ ത്വമില്ലാതെ വളരെ പരിതാപകരമായ നിലയിൽ കഴിയുന്നു എന്ന് പിതാവിന് സത്യഅറിവ് ലഭിച്ചു. പരിശുദ്ധ അന്ത്യോഖ്യാ പാത്രിയർക്കീസ് ബാവായുമായി കാര്യങ്ങൾ സംസാരിക്കുകയും പരിശുദ്ധപാത്രിയർക്കീസ് ബാവ അദ്ദേഹത്തെ യൽദൊമോർബസ്സോലിയോസ് മപ്രിയാനാ എന്ന ശ്രേഷ്ഠ ആത്മീയപദവിനൽകി, മലങ്കരയിലേക്ക് പോകുവാൻ ഒത്താശകൾ ചെയ്ത് സഹായിക്കുകയും ചെയ്തു. മോർമത്തായിയുടെ ദയറാ, (തുർക്കിയിൽ) കടലിൽ നിന്നും വളരെ വിദൂരമായ മലയിൽ സ്ഥിതിചെയ്യുന്നു.

യൽദൊ മോർബസ്സേലിയോസ് ബാവാ ആറു അനുചരന്മാരുമായി, തുറുമുഖത്ത് ചെന്ന് മലങ്കരയിലേക്ക് പായ്ക്കപ്പലിൽ യാത്രയാരംഭിച്ചു. കാറ്റ് അനുകൂലമെങ്കിൽ പായ്ക്കപ്പൽ അതിവേഗത്തിൽ ലക്ഷ്യസ്ഥാനത്ത് എത്തും. പ്രതികൂലമായി മാറിയാൽ കപ്പൽ ഉടയുവാനും യാത്രക്കാർ ഒക്കെയും കടലിൽ മുങ്ങിച്ചാകുവാനും ഇടയുണ്ട്. ഈ മാതിരിയുള്ള സംഭവങ്ങളെക്കുറിച്ച് യൗവനാൻ ദീർഘദർശിയുടെ പുസ്തകത്തിലും അപ്പോസ്തോല പ്രവർത്തികൾ 27-ാം അദ്ധ്യായത്തിലും നാം വായിക്കുന്നുണ്ട്.

റോമിലെ മാർപാപ്പായുടെ കീഴിൽ മിഷണറിമാരേയും മറ്റും ഇന്ത്യാമുതലായ പൗരസ്ത്യ രാജ്യങ്ങളിലേക്ക് സുവിശേഷ വേലക്കായി അയച്ചിരുന്നുവെങ്കിലും, മറ്റു സഭകളിൽനിന്നും അയക്കപ്പെടുന്നവരെ, മാർപാപ്പായ്ക്ക് കീഴ്പ്പെടാത്തവർ എന്ന കരാണം പറഞ്ഞ് പറങ്കി കത്തോലിക്കർ കഠിനമായി പീഢിപ്പിക്കുകയും വധിക്കുകയും ചെയ്യുവാനും മടിച്ചിരുന്നില്ല. ആയതിനാൽ പറങ്കികളുടെ കടും കൈയ്യിൽനി

ന്നും രക്ഷപെട്ട് യാത്രപോകുവാൻ പരിശുദ്ധബാവായും അനുചരന്മാരും ശ്രദ്ധിച്ചിരുന്നു. യാത്ര തുടങ്ങിയ തീയതിയൊന്നും നമുക്ക് ഇപ്പോൾ അറിവില്ല. വലിയതുറമുഖങ്ങളിലൊന്നും കരയ്ക്കിറങ്ങാതെ മലബാറിലെ തലശ്ശേരി എന്നചെറുതുറമുഖത്തിൽ കരക്കിറങ്ങുകയും അവിടെനിന്നും ഘോരവനത്തിൽകൂടി കാൽനടയായി അനേകദിവസങ്ങൾ നടന്ന് കോതമംഗലത്തിന് സമീപമുള്ളവനത്തിൽ എത്തുകയും, അവിടെ വനത്തിൽ കാലികളെ മേയ്ക്കുന്ന ഹൈന്ദവനായ ചക്കാല നായർ എന്ന ഒരാളുടെ സഹായത്താൽ കോതമംഗലം മോർത്തോമ്മശ്ലീഹായുടെ വിശുദ്ധ ദൈവാലയത്തിൽ എത്തിച്ചേരുകയും ചെയ്തു.

തുർക്കിയിൽനിന്നും ആറ് അനുചരന്മാരോടു കൂടി പരിശുദ്ധബാവാ യാത്ര പുറപ്പെട്ടുവെങ്കിലും, കോതമംഗലത്ത് വന്നപ്പോൾ ഹിദായത്തുള്ള എന്ന ഒരു റമ്പാൻ മാത്രമേ കൂടെ ഉായിരുന്നുള്ളൂ. വനത്തിൽ ഏകനായി കാത്തുനിന്നിരുന്ന ഹിദായത്തുള്ള റമ്പാനെ, കോതമംഗലത്തുനിന്ന് വിശ്വാസികളും, മറ്റും ആഘോഷ പൂർവ്വം കൊുവരികയും ചെയ്തു. ഇങ്ങനെ അവർ കോതമംഗലത്ത് എത്തിയത് 1685 ഈലൂൽമാസം (കന്നി) 7-ാം തീയതി ആയിരുന്നു. പരിശുദ്ധ ബാവ, റമ്പാനെ താമസം കൂടാതെ ഈയാവാനിസ് എന്ന നാമത്തിൽ എപ്പിസ്കോപ്പായായി ഉയർത്തുകയും സുസ്ഥാത്തിക്കോൻ എന്ന അധികാരപത്രം നൽകുകയും ചെയ്തു. എൻജീയറിംഗ് കോളേജ്, പ്രിൻസിപ്പലായിരുന്ന ഡോ. സഖറിയാ (നിര്യായതനായി) അയ്യൻകുളങ്ങര (മേക്കടമ്പ്) ഇവിടെ ആസുസ്ഥാത്തിക്കോൻ കൊണ്ടുവരികയും സുറിയാനിയിൽ നിന്നും ബലഹീനനായ ഞാൻ അതുമലയാളത്തിലേക്ക് പരിഭാഷപ്പെടുത്തിക്കൊടുക്കയും അദ്ദേഹം തന്റെ ഒരു പ്രസിദ്ധീകരണത്തിലും റാക്കോട് പരിശുദ്ധ ദൈവമാതാവിന്റെ പള്ളിയിൽനിന്നും പ്രസിദ്ധീകരിച്ച ഒരു സ്മരണികയിലും ഈ സുസ്ഥാത്തിക്കോന്റെ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. സമ്പൂർണ്ണ ദൈവാശ്രയത്തിൽ സഭയുടെ മക്കൾക്ക് മാർഗ്ഗദർശനം നൽകണമെന്നതാണ് സുസ്ഥാത്തിക്കോന്റെ രത്നച്ചുരുക്കം.

1685 ഈലുൽ (കന്നി 19) ന് പരിശുദ്ധ ബാവാ കാലംചെയ്യുകയും, പിറ്റേദിവസം 20ന് പരിശുദ്ധ ദൈവാലയത്തിൽ മദ്ബഹായിൽത്തന്നെ തെക്കുഭാഗത്തായി തിരുശരീരം കബറടക്കപ്പെടുകയും ചെയ്തു. പരിശുദ്ധന്മാരുടെ ആത്മാക്കൾ പരിശുദ്ധ മാലാഖമാരുടെ സഖികളായി നിത്യമായി ആനന്ദിക്കുന്ന അവരുടെ തിരുശേഷിപ്പുകളിലും കബറുകളിലും മറ്റും പരിശുദ്ധാത്മശക്തി വ്യാപരിക്കുന്നു. ആയതിനാൽ പരുശുദ്ധന്മാരിലും അവരുടെ തിരുശേഷിപ്പിലും കബറുകളിലും മറ്റും അഭയപ്പെടുന്നത്. വി. വേദപുസ്താകാനുസരണമാണെന്ന് പഴയ നിയമവും പുതിയ നിയമവും നിസംശയം സാക്ഷിക്കുന്നു. പരിശുദ്ധയൽദൊമോർ ബസ്സേലിയോസ് ബാവായുടെ കബർ, നൂറ്റാുകളായി ഈ സാക്ഷ്യത്തെ നിരവധി പേരുടെ അനുഭവത്താൽ സ്ഥിരീകരിക്കുകയും ചെയ്ന്നു.

പരിശുദ്ധ ബാവായുടെ കബർ ദേശത്തിന് ഒരു പ്രകാശഗോപുരമായി ലോകാവസനത്തോളം നിലനിൽക്കട്ടെ എന്ന് നമുക്ക് പ്രാർത്ഥിക്കാം... ദൈവത്തിന് സ്തോത്രം.

**പെരുന്നാൾ ആശംസകളോടെ**
**എൽസി സ്റ്റോഴ്സ്**, കരിങ്ങാച്ചിറ

**പെരുന്നാൾ ആശംസകളോടെ**
**ബിസിലിൻ ബിനോയ്**, Bridal Beauty

**പെരുന്നാൾ ആശംസകളോടെ**
**ബിജു - കോൾടാക്സി 9744000270**

**പെരുന്നാൾ ആശംസകളോടെ**
**ഷെവ എൻ.വി., ബേബി**
ഞാലിപ്ലാക്കിൽ, കടുംഗമംഗലം

**പെരുന്നാൾ ആശംസകളോടെ**
**ജോസ് & ഫാമിലി പുളിമൂട്ടിൽ,**
തിരുവാങ്കുളം

# കരിങ്ങാച്ചിറപള്ളിയും തമുക്ക് പെരുന്നാളും



ഫാ.വർഗ്ഗീസ് പുലയത്ത്

കരിങ്ങാച്ചിറ പള്ളിയെന്നു കേട്ടാൽ എല്ലാവരുടേയും ഓർമ്മയിൽ എത്തുന്നത് തമുക്കുനേർച്ച വഴിപാടാണ്. പഴവും, ശർക്കരയും വറുത്തുപൊടിച്ച അരിപ്പൊടിയും, തേങ്ങയും, ചുക്ക്, ജീരകം ഏലയ്ക്കയും ചേർത്തുണ്ടാക്കുന്ന തമുക്കിന്റെ രുചിയും മണവും ഒന്നുവേറെ തന്നെ. ജാതിമത വർണ്ണഭേദമന്യേ പതിനായിരങ്ങൾ കരിങ്ങാച്ചിറ പള്ളിയിൽ തമുക്കുനേർച്ച സമർപ്പിച്ച് പരിശുദ്ധ യൽദോ മോർബസ്സേലിയോസ് ബാവായുടെ അനുഗ്രഹങ്ങൾ പ്രാപിക്കുന്നു. വിശുദ്ധ പിതാവിന്റെ തിരുശേഷിപ്പാൽ അനുഗ്രഹിതമാണ് ദൈവാലയം. ബസ്നഹറീനിൽ ജനിച്ച് 1662ൽ കീഴക്കിന്റെ മഫ്രിയാനയായി മോർ ബസ്സേലിയോസ് എന്ന നാമത്തിൽ വാഴിക്കപ്പെട്ട യൽദോ ബാവ മലങ്കരസഭയുടെ മോശം സ്ഥിതി അറിഞ്ഞ് മോറാൻ മോർ അബ്ദെദ് മ്ശിഹ ഒന്നാമൻ പാത്രിയർക്കീസ് ബാവയുടെ അനുമതിയോടെ ഇവിടേക്ക് പുറപ്പെട്ടു. കപ്പലിൽ തലശ്ശേരിയിലും അവിടെ നിന്ന് കാട്ടിലൂടെ യാത്രചെയ്ത് കോതമംഗലത്തും എത്തിച്ചേർന്നു. ക്ഷീണിതവും വാർദ്ധ്യസഹജമായ ക്ലേശങ്ങളാലും 1685 കന്നിമാസം 19-ാംതീയതി കാലം ചെയ്ത് കോതമംഗലം പള്ളിയിൽ കബറടക്കപ്പെട്ടു. തനിക്കു പിൻഗാമിയായി ഹിദായത്തുള്ള ബാവയെ മോർ ഇവാനിയോസ് എന്ന നാമത്തിൽ വാഴിച്ചു മലങ്കര സഭയുടെ സത്യവിശ്വാസ സംരക്ഷണത്തിനായി നിയോഗിച്ചു.

പരിശുദ്ധനായ ഏലിയാസ് മൂന്നാമൻ പാത്രിയർക്കിസ് ബാവ യൽദോ മോർ ബസ്സേലിയോസ് ബാവയെ വിശുദ്ധനായി പ്രഖ്യാപിച്ചു. വിശുദ്ധന്റെ പേര് വി. കുർബ്ബാനയിലെ അഞ്ചാം തുമ്ബ്ദേനിൽ ഓർക്കുവാൻ പരിശുദ്ധ സഖാഇവാസ് പ്രഥമൻ പാത്രിയർക്കിസ് ബാവ കല്പന നൽകി. കരിങ്ങാച്ചിറയിൽ നിന്നും പരിശുദ്ധ യൽദോബസ്സേലിയോസ് ബാവായെ കാണാൻ കോതമംഗലത്തെത്തിയ പൂർവ്വീകർ രോഗിയായി തീർന്ന ബാവയ്ക്ക് നൽകിയ ഭക്ഷണമാണ് പിൻകാലത്ത് തമുക്കുനേർച്ചയായി പരിശുദ്ധ പിതാവിന്റെ പെരുന്നാളിന് അർപ്പിക്കപ്പെട്ടുവരുന്നതും.

വൃശ്ചികം 20 പെരുന്നാൾ കരിങ്ങാച്ചിറ പള്ളിയിൽ ആഘോഷിക്കുന്നതിന് കാരണമായത് ഈ ഇടവകജനങ്ങൾക്ക് പരിശുദ്ധ അന്ത്യോഖ്യാ സിംഹാസനത്തോടുള്ള ആദരവും ബന്ധവുമാണ്. കൂനൻ കുരിശു സത്യത്തിന് ഇവിടത്തെ ഇടവകക്കാർ മുന്നിൽ തന്നെ നിന്ന് അന്ത്യോഖ്യ ബന്ധം ഊട്ടിഉറപ്പിച്ചു. പരിശുദ്ധ സിംഹാസനത്തിൽ നിന്നുള്ള പിതാക്കന്മാരേയും അവർ വഴിയായുള്ള കൈവയ്പിനെയും പാരമ്പര്യത്തേയും ജീവശ്വാസം പോലെ കാത്തു സൂക്ഷിക്കുന്നു. മലങ്കര സഭയിൽ ഉണ്ടായിട്ടുള്ള എല്ലാ വേദ വിപരീത ഉപദേശങ്ങളേയും എക്കാലത്തും തള്ളി സത്യവിശ്വാസത്തിൽ നിലനില്ക്കുവാൻ പരിശുദ്ധ അന്ത്യോഖ്യ സിംഹാസനത്തിൽ കീഴിൽ പരിശുദ്ധ പിതാക്കന്മാരുടെ മദ്ധ്യസ്ഥത യാചിക്കാം.



# ക്രിസ്തുമസ് ട്രീയും ചിലന്തികളും

സെബു അച്ചൻ വെണ്ണപ്പിള്ളിൽ

കുറേ വർഷങ്ങൾക്കുമുമ്പ് ഒരു ക്രിസ്തുമസ് ദിനത്തിന്റെ തലേ ദിവസം ഒരു വീട്ടിലെ അമ്മ തന്റെ വീടിന്റെ ചുറ്റുപാടും വീടിന്റെ ഉൾവശവുമെല്ലാം വളരെ ഭംഗിയാക്കിക്കൊണ്ടിരിക്കുകയായിരുന്നു. മറ്റുദിവസങ്ങളെക്കാൾ ഏറെ ശ്രദ്ധയോടും ഉത്സാഹത്തോടും കൃത്യതയോടും കൂടെ വീടിന്റെ ഉൾവശം ഭംഗിയാകുന്നതിൽ ആ അമ്മ വളരെയധികം ശ്രദ്ധിച്ചു. ആ വീടിന്റെ ഉള്ളിൽ വളരെയധികം ചിലന്തികൾ കൂടുകൾ കൂട്ടിയിരുന്നു. വീടിന്റെ ഉള്ളിൽ വച്ചിരുന്ന ക്രിസ്തുമസ് ട്രീയിലും അവ കൂടുകൂട്ടിയിരുന്നു. ആ അമ്മ വീട് വൃത്തിയാക്കിയപ്പോൾ എല്ലാ ചിലന്തിവലകളും നശിപ്പിക്കുകയും ചിലന്തികളെയും കുറെയധികം നശിപ്പിക്കുകയും ചെയ്തിരുന്നു. അവയിൽ നിന്നും രക്ഷപ്പെട്ട ചിലന്തികൾ പലഭാഗത്തും ഒളിച്ചിരുന്നു. ഈ ചിലന്തികളും ക്രിസ്തുമസ് ആഘോഷങ്ങൾ കാണുന്നതിനും മറ്റും ആഗ്രഹിച്ചിരുന്നു. ആഘോഷങ്ങൾ ആസ്വദിക്കുന്നതിനും ഇഷ്ടപ്പെട്ടിരുന്നു. അമ്മ, പിറ്റെ ദിവസം എഴുന്നള്ളുന്ന യേശുകുഞ്ഞിനെ സ്വീകരിക്കുന്നതിനുവേണ്ടി വീട് വൃത്തിയാക്കിയപ്പോൾ, ഈ ചിലന്തികൾ ആഗ്രഹിച്ചിരുന്ന അവരുടെ അഭിലാഷങ്ങൾ നിറവേറ്റപ്പെടുവാൻ ബുദ്ധിമുട്ട് ഉണ്ടായി. എന്നാൽ രക്ഷപ്പെട്ട ചിലന്തികൾ രാത്രിയിൽ കൂടിയിരുന്ന്. എന്തുചെയ്യണമെന്നതിനെക്കുറിച്ച് ചിന്തിച്ചു. അവർ ഒടുവിൽ ഒരു തീരുമാനമെടുക്കുന്നു. രാത്രിയിൽ എല്ലാവരും ഉറങ്ങിയതിനുശേഷം ആ മുറിയിൽപോയി ക്രിസ്തുമസ് ട്രീയും അലങ്കാരങ്ങളും ആസ്വദിക്കണം എന്നതായിരുന്നു അവരുടെ തീരുമാനം. എല്ലാവരും ഉറങ്ങിയതിനുശേഷം അവരെല്ലാം ഒരുമിച്ച് ഒളിച്ചിരുന്ന സ്ഥാനങ്ങളിൽ നിന്നും പുറത്തിറങ്ങി, അലങ്കരിക്കപ്പെട്ടിരുന്ന ക്രിസ്തുമസ് ട്രീയിലും അലങ്കാരങ്ങളിലുമെല്ലാം ചിലന്തിവല വീണ്ടും ഉണ്ടായി. ചിലന്തികൾ കുറേ നേരത്തിനുശേഷം അവിടെ നിന്നും പോകുകയും ചെയ്തു. അതിരാവിലെ യേശുകുഞ്ഞ് ആ ഭവനത്തിലേക്ക് വന്നപ്പോൾ ക്രിസ്തുമസ് ട്രീയും അലങ്കാരങ്ങളും ചിലന്തി വലകളാൽ നിറഞ്ഞിരിക്കുന്നത് കാണുവാനിടയായി. അപ്പോൾ യേശുകുഞ്ഞിനു തോന്നി, തന്റെ സൃഷ്ടികളായ ചിലന്തികൾ വീണ്ടും ആ അമ്മയാൽ നശിപ്പിക്കപ്പെടുവാൻ ഇടയാകും. അവയും തന്റെ സൃഷ്ടികളായതിനാൽ അവയെ രക്ഷിക്കണം. അവ മനഃപൂർവ്വം വൃത്തികേടാക്കാൻവേണ്ടി ചെയ്ത കാര്യമല്ലാത്തതിനാൽ അവയെ രക്ഷിക്കണം എന്ന് ചിന്തിച്ചു. യേശുകുഞ്ഞ് തന്റെ കൈകൊണ്ട് ആ ചിലന്തി വലയെ സ്പർശിച്ചു. അപ്പോൾ ആ ചിലന്തിവലകൾ, സ്വർണ്ണനിറത്തിലും വെള്ളിനിറത്തിലും തിളങ്ങുന്ന അലങ്കാരങ്ങളായി മാറ്റപ്പെട്ടു അന്നു രാവിലെ ആ മുറിയിലേക്ക് കടന്നുവന്ന അമ്മ വിസ്മയ കാഴ്ച കണ്ട് അത്ഭുതപ്പെടുകയും ചെയ്തു. അന്നു മുതലാണ് സ്വർണ്ണനിറത്തിലും വെള്ളിനിറത്തിലും തിളങ്ങുന്ന അലങ്കാരങ്ങൾ ക്രിസ്തുമസ് ട്രീയിൽ ഉൾപ്പെടുത്തിയത് എന്നും ഒരു ചിലന്തിക്രിസ്തുമസ് ട്രീയിലെ അലങ്കാരങ്ങളിലെ ഒരുഭാഗമായത് എന്നും പറയപ്പെടുന്നു.

യേശു ക്രിസ്തു എപ്പോൾ നമ്മെ സ്പർശിക്കുന്നുവോ അപ്പോൾ നാം തിളങ്ങാൻ തുടങ്ങും, നമ്മിൽ ദൈവീക ചൈതന്യം ഉണ്ടാകും. ഈ ക്രിസ്തുമസ് അതിനുള്ള ഒരു കാരണമായിത്തീരട്ടെ. വരുന്ന വർഷം ക്രിസ്തുവിന്റെ സ്പർശനത്താൽ കൂടുതൽ നന്മയോടും ഐശ്വര്യത്തോടും സമാധാനത്തോടും കൂടെയുള്ളതായി തീരട്ടെ. യേശു നമ്മുടെ ശരീരത്തിലും മനസിലും, ജീവിതത്തിൽ മുഴുവനും ഉണ്ടാകട്ടെ എന്ന് ആശംസിക്കുന്നു.

എല്ലാവർക്കും പെരുന്നാളിന്റെയും ക്രിസ്മസിന്റേയും നവവത്സരത്തിന്റേയും ആശംസകൾ നേരുന്നു.

# സ്നേഹപൂർവ്വം സാന്റാക്ലോസ്



ഡോ. സിവി വി. പുലയത്ത്
ഫോൺ: 9895677477

എന്നെ മനസ്സിലായില്ലേ? ക്രിസ്തുമസ്സ് ഫാദർ എന്നും ക്രിസ്തുമസ്സ് അപ്പൂപ്പനെന്നും പപ്പാനിയെന്നും മറ്റും നിങ്ങൾ വിളിക്കാറുള്ള സാന്റാക്ലോസാണു ഞാൻ. ഡിസംബറിലെ മഞ്ഞുപെയ്യുന്ന രാത്രികളിൽ സമ്മാനപ്പൊതികളടങ്ങിയ ഭാണ്ഡകെട്ടുകളുമായി ചുമന്ന രോമക്കുപ്പായവും, തൊപ്പിയും അണിഞ്ഞ് വെളുത്ത താടിയും തടവി എല്ലാവർഷവും ഞാൻ നിങ്ങളെ കാണാൻ വരാറുണ്ട്.

പിണങ്ങുകയില്ലെങ്കിൽ ഒരുകാര്യം ചോദിച്ചോട്ടേ? ഇത്രയും വർഷമായിട്ടും എന്റെ യഥാർത്ഥപേരെന്താണെന്നോ ഞാൻ ഏതു നാട്ടുകാരനാണെന്നോ, എന്റെ കഥയെന്താണെന്നോ നിങ്ങൾക്കാർക്കെങ്കിലും അറിയാമോ? ഇല്ല എന്നെനിക്കറിയാം. അതുകൊണ്ടാണ് ഞാൻ എന്റെ ജീവചരിത്രം നിങ്ങളോടു പറയാമെന്നു വച്ചത്.

എന്റെ ശരിയായ പേര് നിക്കോളാസ് എന്നാണ്. എ.ഡി. 300 ഡിസംബർ 6-ാം തീയതി ടർക്കി എന്ന രാജ്യത്താണ് ഞാൻ ജനിച്ചത്. ചെറുപ്പം മുതൽ അടിയുറച്ച് ദൈവവിശ്വാസത്തിൽ ഊന്നിയുള്ള എന്റെ ജീവിതം. 19-ാം മത്തെ വയസ്സിൽ എന്നെ ദൈവികവൃത്തതി സ്വീകരിക്കാൻ പ്രേരിപ്പിച്ചു.

ആത്മീയജ്ഞാനത്തിലും, ലോകപരിജ്ഞാനത്തിലും ഞാൻ ഉയരങ്ങൾ കീഴടക്കി പൗരോഹിത്യത്തിന്റെ പടികൾ ഓരോന്നായി ചവിട്ടി കയറിയ ഞാൻ മോർസോഖെ എന്ന പേരിൽ മൂറായുടെ എപ്പിസ്കോപ്പയായി വാഴിക്കപ്പെട്ടു. ലിസ്യയുടേയും ബിഷപ്പായി ഞാൻ ഈ കാലയളവിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്.

ദൈവത്തിലുള്ള പരിപൂർണ്ണ സമർപ്പണം എന്നെ പല അത്ഭുതങ്ങളും ചെയ്യുവാൻ പ്രാപ്തനാക്കി. എന്നോട് മദ്ധ്യസ്ഥത യാചിച്ച ഒരു ദരിദ്രകുടുംബത്തിനു ദൈവം ജനലിലൂടെ സ്വർണ്ണനാണയങ്ങൾ ഇട്ടുകൊടുത്തു. ഒരു പ്രത്യേക സാഹചര്യത്തിൽ വധിക്കപ്പെട്ട മൂന്നു കുട്ടികൾക്ക് ഞാൻ ദൈവത്തിന്റെ ശക്തിയാൽ ജീവൻ കൊടുത്തു. ഈ കാര്യങ്ങളെല്ലാം പരസ്യമായതോടെ ആളുകൾ എന്നെ ഒരു വിശുദ്ധനായി കണക്കാക്കി സെന്റ് നിക്കോളാസ് എന്നു പേരുനൽകി.

കാലത്തിന്റെ അവിരാമമായ യാത്രയുടെ ഒടുവിൽ ദൈവം എന്നെ ടർക്കി രാജ്യത്തിന്റെ ഭരണാധികാരിയയായി വാഴിക്കാൻ അവസരം ഒരുക്കിതന്നു. ഏതു മേഖലയിലായാലും പ്രതിഫലേച്ഛകൂടാതെ ജോലിചെയ്യുക എന്ന ആപ്തവാക്യത്തിൽ അടിയുറച്ചു വിശ്വസിച്ചുകൊണ്ട് ഞാൻ ടർക്കി രാജ്യത്തിന്റെ ഉന്നമനത്തിനായി ജീവിതം ഉഴിഞ്ഞുവച്ചു.

എന്റെ പ്രജകളുടെ ജീവിത സാഹചര്യങ്ങൾ മനസ്സിലാക്കാൻ വേഷപ്രച്ഛന്നനായി രാജ്യത്തുടനീളം യാത്ര ചെയ്യുക എന്നത് എന്റെ ശീലമായിരുന്നു. അതിനായി ഞാൻ സ്വീകരിച്ചതാണ്. ഇന്നു നിങ്ങൾ കാണുന്ന എന്റെ വേഷം ഡിസംബറിലെ തണുപ്പിൽ കഷ്ടപ്പെടുന്ന കുട്ടികളെ തേടി ഞാൻ വീടുകൾ കയറിയിറങ്ങി. അവർക്കു സമ്മാനങ്ങളും വേണ്ടസഹായങ്ങളും ചെയ്തുകൊടുത്തു. അങ്ങനെയാണ് ഞാൻ അവരുടേയും നിങ്ങളുടേയും ക്രിസ്തുമസ്സ് അപ്പൂപ്പനായത്.

സ്വപ്നങ്ങളുടേയും ശാന്തിയുടേയും പുണ്യവാളനായി ഞാൻ അറിയപ്പെടുന്നു. ബ്രിട്ടനിൽ മാത്രം എന്റെ പേരിൽ 400 ദേവാലയങ്ങൾ ഉണ്ട്. ഞാൻ റഷ്യയുടെ ദേശീയ പരിശുദ്ധനാണ്. ന്യായാധിപന്മാരുടേയും യാത്രികരുടേയും നാവികരുടേയും എല്ലാം മദ്ധ്യസ്ഥനായി ഞാൻ അറിയപ്പെടുന്നു.

എന്റെ കഥ പറഞ്ഞു തീർന്നിട്ടും നിങ്ങൾക്ക് ഒരു സംശയം ബാക്കി നിൽക്കുന്നുവല്ലേ.? സാന്റാക്ലോസ് എന്ന പേര് എങ്ങിനെ വന്നു? അതും പറഞ്ഞു തരാം. ഗ്രീക്കിൽ സെന്റ് നിക്കോളാവോസ് എന്ന എന്റെ പേരാണ് കാലക്രമേണ ലോപിച്ച് സാന്റാക്ലോസ് ആയി മാറിയത്.

നിങ്ങൾക്കെല്ലാം ഹൃദ്യമായ ക്രിസ്തുമസ്സ് ആശംസകൾ നേർന്നുകൊണ്ട് നിങ്ങളുടെ സ്വന്തം - സാന്റാക്ലോസ്

# വിശുദ്ധന്മാരും അവരുടെ തിരുശേഷിപ്പുകളും



ഏലിയാമ്മ സിറിയക്ക് മോർകൂറീലോസ് യൂണിറ്റ് 9387955656

ദൈവത്തിനുവേണ്ടി സകലതും സ്വയം ഉപേക്ഷിച്ച്, കർത്താവിന്റെ കല്പനകളിൽ വിശ്വസിച്ച്, അവ ആചരിച്ച്, ജീവിതത്തെ ക്രമപ്പെടുത്തിയവരാണ് വിശുദ്ധന്മാർ. അവർ സൃഷ്ടാവിന് വേണ്ടി യാഗമായി സമർപ്പിച്ചവരാണ്. ദൈവം വിശുദ്ധന്മാരെ അനുഗ്രഹിച്ചതിനാൽ വിശ്വാസികൾ അവരെ ബഹുമാനിക്കുകയും, മധ്യസ്ഥത യിൽ അഭയം പ്രാപിക്കുകയും ചെയ്യുന്നു.

മോർഗ്രിഗോറിയോസ് അബ്ദുൾ ജലീൽ ബാവായും, പൗലൂസ് മോർ അത്താനാസ്യോസ് തിരുമേനിയും, വി. കൂർബ്ബാനമധ്യേയുള്ള അഞ്ചാം തുബ ദേനിൽ ചേർക്കപ്പെട്ട വിശുദ്ധന്മാരാണ്. മോർ ഗ്രിഗോറിയസ് അബ്ദുൾ ജലീൽ ബാവാ ഇറാക്കിലെ മൂസലിൽ ജനിച്ചു. കാലത്തികവിൽ യരുശലേമിന്റെ മെത്രാ പ്പോലീത്തായായി വാഴിയ്ക്കപ്പെട്ടു. നെ സ്തോറിയൻ ചിന്തകൊണ്ടും, പോർട്ടുഗീ സുകാരുടെ ആധിപത്യം മൂലം ശക്തിപ്ര ാപിച്ച കത്തോലിയ്ക്ക സഭയുടെ പീഢന വും സഹിച്ച്, ശക്തിക്ഷയിച്ച കാലഘട്ട ത്തിൽ നയിക്കുവാൻ ഇടയനില്ലാതെ അല ഞ്ഞപ്പോൾ വിശ്വാസികളുടെ അഭ്യർത്ഥന മാനിച്ച് അയയ്ക്കപ്പെട്ടവിശുദ്ധനാണ് അബ്ദുൾ ജലീൽബാവാ . ശത്രുക്കളെ ഭയന്ന് വേഷംമാറി അദ്ദേഹം പൊന്നാനി യിൽ വന്നിറങ്ങുകയും തുടർന്ന് വടക്കൻ പറവൂരിലെത്തി സ്വയം വെളിവാക്കുകയും ചെയ്ത് സഭയെ സത്യവിശ്വാസത്തിൽ ഉറ പ്പിച്ചുനിർത്തി. 1681 ഏപ്രിൽ 27-ാം തീയതി പറവൂർ സെന്റ് തോമസ് പള്ളിയിൽ കബ റടങ്ങി. വിശുദ്ധന്റെ കബറിടത്തിൽ ആയി രങ്ങൾ പ്രാർത്ഥിച്ച് ആശ്വാസം കണ്ടെത്തു ന്നു.

പൗലൂസ് മോർ അത്താനാസ്യോസ് തിരുമേനി 1869 ജനുവരി 23-ാം തീയതി അയ്യമ്പിള്ളിയിൽ ഭൂജാതനായി. അങ്കമാലി ഭദ്രാസനാധിപനായിരുന്നു. അദ്ദേഹം ആലുവായിൽ സെമിനാരി പണിത് വൈ ദീക വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചു. 1918 ലും, 1935 ൽ കരിങ്ങാച്ചിറപ്പള്ളിയിൽ വച്ചും മലങ്കരമെത്രോപ്പോലീത്തയായി തെരഞ്ഞെടുക്കപ്പെട്ടു, നല്ല പോർപൊ രുതി, ഓട്ടം തികച്ച് സത്യ വിശ്വാസ സം രക്ഷകൻ എന്ന ഖ്യാതിയും നേടി ആലു വയിലെ വലിയ തിരുമേനി 1953 ജനുവരി 24-ാം തീയതി ദിവംഗതനായി തൃക്കു ന്നത്ത് സെമിനാരി പള്ളിയിൽ കബറടക്ക പ്പെട്ടു.

യൽദോമോർ ബസ്സേലിയോസ്ബാവ യുടെ തിരുശേഷിപ്പിനാൽ അനുഗ്രഹീ തമായ കരിങ്ങാച്ചിറ കത്തീഡ്രലിൽ ഈ രണ്ട് വിശുദ്ധരുടെയും തിരുശേഷിപ്പുകൾ സ്ഥാപിതമാകുവാൻ കൃപ ലഭിച്ചതിൽ സൃഷ്ടാവിനെ മഹത്വപ്പെടുത്തുന്നു. വിശു ദ്ധന്മാരുടെ ഓർമ്മ നമുക്ക് വാഴ്വി നും. പ്രാർത്ഥന നമുക്ക് കോട്ടയും ആകുന്നു.

**പെരുന്നാൾ ആശംസകളോടെ**

**ജോഷ്ണർ എം.ജി., മാമല**

## തിരുശേഷിപ്പ് സ്ഥാപനം

വിശുദ്ധ പിതാക്കന്മാരുടെ തിരുശേ ഷിപ്പ് കൃംതാ സെമിനാരിയിൽനി ന്നും ഇടവക മെത്രാപ്പോലീത്ത ജോസഫ് മാർ ഗ്രീഗോറിയോസ് തിരുമേനി ഇടവക വികാരിമാരെ ഏൽപ്പിച്ച് ആഘോഷപൂർവ്വം കത്തീ ഡ്രലിൽ ഏറ്റുവാങ്ങി പള്ളി യിൽ സ്ഥാപിക്കുമെന്ന് വികാരി ഫാ. വർഗീസ്പുലയത്ത് അറിയിച്ചു.




## FREEDOM

Ammu told to butterfly
Oh! My sweet butterfly
I will give you flower
I will give you honey

I will give you anything you need
But you will come with me
You will sleep with me
I will give you home

No…..No……No, No
I won't come with you
I want to fly….fly and fly
And I want freedom



അന്ന സഖറിയ
ഓണേരിൽ

## കരുണാമയനായ യേശു



ആൻ മേരി റെജി

മോർ പോളികാർപ്പോസ് യൂണിറ്റ്,
ചിത്രപ്പുഴ

പ്രകാശിക്കും കനിവിൻ നിറകുടമെ
സാന്ത്വനമേകും കാരുണ്യവാനെ
അലിവിൻ ആഴിയെ
ദയവിൻ നിറകുടമെ
നിൻ മുൻമ്പിൽ വന്നിതാ
നിൽപ്പൂ ഞങ്ങൾ
കൃപചൊരിയൂ കരുണാമയനെ
പാപികളാം ഞങ്ങളെ
ദുഷ്ടരിൽ നിന്ന് വിമോചിതരാക്കൂ...
നിൻ മുഖം കാണുവാൻ
ഞങ്ങൾ യോഗ്യരല്ല
നീയോ....ഞങ്ങളെ യോഗ്യരാക്കൂ
പാപം ചെയ്യരുതെന്നോതിയ
നാഥനല്ലെ...നീ....നാഥനല്ലെ
നിൻ പാതയിൽ ഞങ്ങൾ
നടന്നീടുവാൻ...അനുഗ്രഹിക്കു
ഞങ്ങളെ അനുഗ്രഹിക്കു
നിൻ മുൻപിൽ വന്നിതാ
നിൽപ്പൂ ഞങ്ങൾ
കൃപചൊരിയൂ കരുണാമയനെ

യാക്കോബായ സുറിയാനി സൺഡേസ്ക്കൂൾ അസോസിയോഷൻ കൊച്ചി ഭദ്രാസന ബാലകലോത്സവത്തിൽ ജൂനിയർ സിംഗിൾ സോങ്ങിന് ഒന്നാം സ്ഥാനം നേടിയ **വർഗീസ് ടി. ജോബ്** ഇരുമ്പനം തണ്ണിക്കോട്ട് ജോബ് ടി. വർഗീസിന്റെ മകനാണ്



# ജോർജിയൻ വാർത്തകൾ

## ഗ്രീഗോറിയോസ് തിരുമേനിയുടെ ജൻമദിനം ആഘോഷിച്ചു



കരിങ്ങാച്ചിറ: കൊച്ചി ഭദ്രാസന മെത്രാപ്പോലീത്തായും എപ്പിസ് കോപ്പൽ സുന്നഹദോസ് സെക്രട്ടറിയുമായ അഭിവന്ദ്യ ജോസഫ് മാർ ഗ്രീഗോറിയോസ് തിരുമേനിയുടെ ജൻമദിനം കരിങ്ങാച്ചിറ സെൻറ് ജോർജ് യൂത്ത് അസോസിയേഷൻെറ ആഭിമുഖ്യത്തിൽ ആചരിച്ചു. ബെർത്ത്ഡേ സമ്മാനമായി തിരുമേനിക്ക് കേക്ക് സമർപ്പിച്ചു. ഫാ. സെബു പോൾ, യൂത്ത് അസോസിയേഷൻ കൊച്ചി ഭദ്രാസന സെക്രട്ടറി ബൈജു മാത്താറ, ജോയിൻറ് സെക്രട്ടറി അനീഷ് ബേബി, സെജു പോൾ, ലെവിൻ പൗലോസ്, അരുൺ സണ്ണി, ആശിഷ്.സി. എബി, റൂബിൾ പൈലി, അഖിൽ കൂറുള്ളിൽ തുടങ്ങിയവർ പങ്കെടുത്തു.

## ക്രിസ് ബെൽസ് 2013 തൃപ്പൂണിത്തുറയിൽ

തൃപ്പൂണിത്തുറ : തൃപ്പൂണിത്തുറയിലെ രണ്ട് കത്തോലിക്കപ്പള്ളികളും, നടമേൽ സെന്റ് മേരീസ് യാക്കോബായ പള്ളി, എരൂർ സെന്റ് മേരീസ് ചാപ്പൽ എന്നി ദേവാലയങ്ങളും സംയുക്തമായി ക്രിസ്മസ് ഈവ് ക്രിസ് ബെൽസ് 2013സംഘടിപ്പിക്കുന്നു. ഡിസംബർ 23നു വൈകീട്ട് 5.30നും സംയുക്തമായി സെന്റ് കോൺവെന്റിൽ നിന്നും റാലി ആരംഭിച്ച് 6.30ന് തൃപ്പൂണിത്തുറ ഫെറോന പള്ളിയിൽ എത്തിച്ചേരും. തുടർന്ന് 7 ന് ക്രിസ്മസ് ഈവ് ആരംഭിക്കും. കൊച്ചി ഭദ്രാസന മെത്രപ്പോലീത്ത ജോസഫ് മാർ ഗ്രീഗോറിയോസ്, മാർ സെബാസ്റ്റ്യൻ എടയന്ത്രത്ത്, ആർച്ച് ബിഷപ്പ് ഫ്രാൻസിസ് കല്ലറയ്ക്കൽ തുടങ്ങിയവർ ക്രിസ്മസ് സന്ദേശം നൽകും. മന്ത്രി കെ.ബാബു, മുൻസിപ്പൽ ചെയർമാൻ ആർ. വേണുഗോപാൽ തുടങ്ങിയവർ പങ്കെടുക്കും. തുടർന്ന് കരോൾ ഗാനവും വിവിധ കലാപരിപാടികളും നടക്കും.

## നിർധന യുവതികളുടെ വിവാഹം: പ്രവർത്തനങ്ങൾ മുന്നോട്ട്

കരിങ്ങാച്ചിറ: യാക്കോബായ സുറിയാനി സഭ കൊച്ചി ഭദ്രാസന യൂത്ത് അസോസിയേഷൻെറ ആഭിമുഖ്യത്തിൽ നിർധനരായ 20 യുവതികളുടെ വിവാഹം നടത്താനുള്ള പ്രവർത്തനങ്ങൾ ഊർജിതമായി മുന്നോട്ട് പോകുന്നു. ലഭിച്ച അപേക്ഷകളിൽ നിന്ന് യോഗ്യരായ യുവതികളെ തെരെഞ്ഞെടുത്ത് കഴിഞ്ഞിട്ടുണ്ട്. ഓരോ ദമ്പതികൾക്കും 2 ലക്ഷം രൂപയുടെ പ്രയോജനം ലഭിക്കും. ഫെബ്രുവരി 16ന് കരിങ്ങാച്ചിറ കത്തീഡ്രലിൽ വച്ച് സമൂഹ വിവാഹം നടക്കും: ചടങ്ങിൽ പാത്രിയർക്കീസ് ബാവയുടെ പ്രതിനിധി പങ്കെടുക്കും . വിശദവിവരങ്ങൾക്ക് ബന്ധപ്പെടുക.


**ഫോൺ: 9995219995**

## മഞ്ഞിനിക്കര തീർത്ഥയാത്ര: കരിങ്ങാച്ചിറ കത്തീഡ്രലിൽ നിന്നും ലക്ഷ്വറി എ.സി ബസുകൾ പുറപ്പെടുന്നു

കരിങ്ങാച്ചിറ: മഞ്ഞിനിക്കര തീർത്ഥയാത്രക്ക് സെൻറ് ജോർജ് യൂത്ത് അസോസിയേഷൻെറ ആഭിമുഖ്യത്തിൽ ലക്ഷറി എ.സി ബസുകൾ പുറപ്പെടുന്നു. മഞ്ഞിനിക്കര, പരുമല, പുതുപ്പിള്ളി, മണർകാട് എന്നീ പള്ളികൾ സന്ദർശിക്കുന്നതാണ്. രാവിലത്തെ ഭക്ഷണവും ഉച്ചഭക്ഷണവും ഉൾപ്പെടെ 450 രൂപയാണ് ഒരാൾക്ക് ചിലവ്. ഫെബ്രുവരി 8 ശനിയാഴ്ച വെളുപ്പിന് 4.30ന് ബസ് പുറപ്പെടുന്നതാണെന്ന് കൺവീനർ അറിയിച്ചു. ബുക്കിംഗിന് ഹാലോംബുക്ക് സ്റ്റാളുമായി ബന്ധപ്പെടുക. **ഫോൺ: 9895103440, 9447705878**

## ശാലോം 2013 – ഡിസംബർ 25ന്

കരിങ്ങാച്ചിറ: കരിങ്ങാച്ചിറ കത്തീഡ്രലിന്റെ ആഭിമുഖ്യത്തിൽ ക്രിസ്മസ് **കരോൾ നൈറ്റ് ശാലോം 2013** ഡിസംബർ 25ന് വൈകിട്ട് 6.30ന് നടക്കും. വ്യത്യസ്തങ്ങളായ പ്രോഗ്രാമുകളാണ് ഈ വർഷത്തെ ശാലോമിന്റെ ആകർഷണീയത. എല്ലാ ഭക്തസംഘടനകളുടെയും സഹകരണത്തോടെ നടക്കുന്ന പരിപാടിക്കുള്ള ഒരുക്കൾ പൂർത്തിയായി വരുന്നു.




## തെരുവുകളിൽ അലയുന്നവർക്കായി ക്രിസ്മസ് ദിനത്തിൽ യൂത്ത് അസോസിയേഷൻെറ ഭക്ഷണ വിതരണം

കരിങ്ങാച്ചിറ: ക്രിസ്മസ് ദിനത്തിൽ തെരുവുകളിൽ അലയുന്നവർക്കായി യൂത്ത് അസോസിയേഷന്റെ ആഭിമുഖ്യത്തിൽ ഭക്ഷണ പൊതികൾ എറണാകുളം നഗരത്തിൽ വിതരണം ചെയ്യുന്നു. യൂത്ത് അസോസിയേഷൻ അംഗങ്ങളുടെ ഭവനത്തിൽ നിന്ന് തന്നെ ലഭിക്കുന്ന മുന്നൂറോളം ഭക്ഷണപ്പൊതികളാണ് വിതരണം ചെയ്യുന്നത്. പിന്നീടുള്ള ഓരോ മാസത്തിലും തെരുവുകളിൽ ഭക്ഷണപ്പൊതികൾ വിതരണം ചെയ്യുന്നതിനും യൂത്ത് അസോസിയേഷൻെറ പൊതുയോഗം തീരുമാനിച്ചിട്ടുണ്ട്. ക്രിസ്മസ് ദിനത്തിൽ രാവിലെ 10ന് പള്ളിയിൽ നിന്നും പുറപ്പെട്ട് നഗരത്തിൻെറ വിവിധ ഭാഗങ്ങളിൽ ഭക്ഷണ വിതരണം നടത്തും. യൂത്ത് അസോസിയേഷൻെറ ക്രിസ്മസ് ദിനം തെരുവിൽ അലയുന്നവർക്ക് സാന്ത്വനമേകും.

## സൺഡേസ്കൂൾ ക്ലാസുകൾ ജനുവരി ആദ്യ വാരം ആരംഭിക്കും

കരിങ്ങാച്ചിറ: കരിങ്ങാച്ചിറ മാർ അത്താനാസിയോസ് സൺഡേസ്കൂളിലെ പുതിയ അദ്ധ്യയന വർഷം ജനുവരി ആദ്യവാരം ആരംഭിക്കുമെന്ന് ഹെഡ്മാസ്റ്റർ അറിയിച്ചു. പുതുതായി അഡ്മിഷൻ എടുക്കാൻ ആഗ്രഹിക്കുന്നവർ ഓഫീസുമായി ബന്ധപ്പെടണമെന്ന് അറിയിച്ചു.



## അട്ടപ്പാടി സന്ദർശിച്ചു

കരിങ്ങാച്ചിറ: മർത്തമറിയം വനിതാ സമാജത്തിൻെറ ആഭിമുഖ്യത്തിൽ അട്ടപ്പാടി മേഖല സന്ദർശിച്ച് വേണ്ട സഹായങ്ങൾ നൽകി. വികാരി ഫാ. വർഗീസ് പുലയത്ത് നേതൃത്വം നൽകി.

# ക്രിസ്മസ് കരോൾ 2013

**2013 വർഷത്തെ ക്രിസ്മസ് കരോളിൽ ചിലമാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. എല്ലാവരും കൃത്യമായി അതാത് ദിവസവും, സ്ഥലവും ശ്രദ്ധിക്കണമെന്ന് കൺവീനർ അറിയിച്ചു. മൊബൈൽ കരോൾ 7,8, തീയതികളിൽ ചേരും**

**ഫോൺ - 9895949025**

**ഒന്നാം ദിവസം 13.12.2013**
പാഞ്ചാലീസ് റോഡ്, കവലേശ്വരം, തിരുവാങ്കുളം ജംങ്ഷൻ, പമ്പ് വരെ

**രണ്ടാംദിവസം 14.12.2013**
തിരുവാങ്കുളം സെന്റ് ജോർജ്ജ് ചർച്ചിന് സമീപം മുതൽ, പഞ്ചായത്തിന് തെക്കുവശം, എൽ ബി എസ് റോഡ്, കേശവൻപടിജംങ്ഷൻ വരെ

**മൂന്നാം ദിവസം 15.12.2013**
കൃംതാ ജംങ്ഷൻ, പഞ്ചായത്ത് ഓഫീസിന് വടക്കുവശം

**നാലാം ദിവസം 16.12.2013**
കൃംതാ കുരിശുപള്ളി പരിസരം, അകത്തുപാടം, ചിത്രാഞ്ജലി റോഡ്, ഹിൽപാലസ്

**അഞ്ചാം ദിവസം 17.12.2013**
ചങ്ങംപുത പറപ്പിള്ളി റോഡ്, പാലസ് ഗാർഡൻ

**ആറാം ദിവസം 18.12.2013**
ചിത്രാഞ്ജലി ജംങ്ഷൻ, തബീഥാ സെന്റർ പരിസരം, ചിത്രപ്പുഴ കുരിശ്ശു പള്ളിക്ക് തെക്കുവശം, കൊല്ലൻപടി

**ഏഴാം ദിവസം 19.12.2013**
ചിത്രപ്പുഴ കുരിശുപള്ളി, വടക്കു വശം, പെരിങ്ങാട്ടുമൂല, ഇരുമ്പനം പുതിയ റോഡ് ജംങ്ഷൻ വരെ

**എട്ടാം ദിവസം 20.12.2013**
വടക്കേ ഇരുമ്പനം കുരിശുപള്ളി മുതൽ ഭാസ്ക്കരൻ കോളനി, പുതിയ റോഡ് കുരിശുപള്ളിവരെ

**ഒമ്പതാം ദിവസം 21.12.2013**
തോപ്പ് ഇരുമ്പനം സ്കൂൾ പരിസരം, കരിങ്ങാച്ചിറപമ്പ് പരിസരം വരെ

**പത്താം ദിവസം 22.12.2013**
പുതിയറോഡ് ജംങ്ഷൻ പടിഞ്ഞാറു വശം, കൈപ്പഞ്ചേരി, സ്ലീബാ ക്വാട്ടേഴ്സ്

**പതിനൊന്നാം ദിവസം 23.12.2013**
കരിങ്ങാച്ചിറ ജംങ്ഷൻ, ചാത്താരി



കോലഞ്ചേരി സബ്ജില്ല കലോത്സവത്തിൽ നാടകത്തിൽ എ-ഗ്രേഡോടെ ഒന്നാംസമ്മാനം നേടിയ **സെന്റ് ജോർജ് ഹൈസ്ക്കൂൾ, വെണ്ണിക്കുളം** ടീം ഹെഡ്മാസ്റ്ററോടൊപ്പം.

# കുടുംബയൂണിറ്റ് വാർഷികാഘോഷം

കരിങ്ങാച്ചിറ : തിരുവാങ്കുളം നസറേത്ത് കുടുംബയൂണിറ്റിന്റെ വാർഷികം 2013 നവംബർ 24-ാംതീയതി ആഘോഷിച്ചു. കലാകായിക വിനോദമത്സരങ്ങളിൽ വിജയിച്ചവർക്ക് സമ്മാനങ്ങൾ നൽകി. നവതിയാഘോഷിക്കുന്ന പാലത്തിങ്കൽ മറിയാമ്മജോർജ്ജ് ദാമ്പത്യത്തിന്റെ സുവർണ്ണ ജൂബിലിയാഘോഷിക്കുന്ന പൂണാട്ട് മത്തായി മറിയാമ്മ ദമ്പതിമ്മാർ, പെരിങ്ങാട്ട് ജോസഫ് അന്നമ്മ ദമ്പതികൾ എന്നിവരെ കത്തീഡ്രൽ കുടുംബയൂണിറ്റ് കൺവീനർ റവ.ഫാ.വർഗീസ് പുലയത്ത് പൊന്നാടയണിയിച്ച് ആദരിച്ചു. കുടുംബയൂണിറ്റിന്റെ പുതിയഭാരവാഹികളെ തെരഞ്ഞെടുത്തു.

## പാവനസ്മരണയ്ക്ക്

**9-ാം ചരമവാർഷികം (08.12.2013)**



**പി.ഒ. മത്തായി**

പാറക്കാട്ട്, വെൺമണി

സന്തപ്തകുടുംബാംഗങ്ങൾ

## പാവനസ്മരണയ്ക്ക്

**7-ാം ചരമവാർഷികം (18.12.2013)**



**ജിഷ ഷൈബു**

(ജിനീഷ് വിഹാർ), മാത്താറയിൽ, ഇരുമ്പനം

സന്തപ്തകുടുംബാംഗങ്ങൾ




Chief Editor, Eldho George Iykkanattu, Ph : 9496334136, Printed & Published by: Ashish C. Aby
for youth Association, St. George Jacobite Syrian Cathedral, Karingachira, Irimpanam P.O.,
Ph : 0484-2777677 E-mail : georgianvoice@stgeorgecathedral.in
Printed & Design at: CyberZone, Tripunithura